# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1011** | **30.01.2019-ൽ മറുപടിക്ക്**

## സ്വകാര്യ ആശുപത്രികളിലെ ജീവനക്കാർക്ക് മിനിമം വേതനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.അൻവർ സാദത്ത് : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക് സൈസും വകുപ്പ് മന്ത്രി |
| (എ) സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുടെയും, മറ്റ് ജീവനക്കാരുടെയും മിനിമം വേതനം പുതുക്കി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) മിനിമം വേതന വിജ്ഞാപനത്തെ ചോദ്യം ചെയ്ത് ആശുപത്രി ഉടമകൾ നൽകിയ കേസ് കോടതി തള്ളിയ സാഹചര്യത്തിൽ ജീവനക്കാർക്ക് മിനിമം വേതനം ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്തുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;<br>(സി) വിജ്ഞാപന പ്രകാരം നിശ്ചയിച്ച മിനിമം വേതനം നൽകാത്ത ഏതെങ്കിലും ആശുപത്രികൾക്കെതിരെ നിയമ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) യും (സി) യും മിനിമം വേതനം വിജ്ഞാപനം ചോദ്യം ചെയ്തു കൊണ്ടുള്ള സ്വകാര്യ ആശുപത്രി ഉടമകളുടെ കേസുകൾ കോടതിയുടെ പരിഗണനയിലാണ്. പ്രസ്തുത കേസുകളിൽ മിനിമം വേതനം നൽകാത്ത സ്ഥാപനങ്ങൾക്കെതിരെ നിയമ നടപടി സ്വീകരിക്കുന്നതിന് സ്റ്റേ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിനാൽ ആശുപത്രികളിൽ മിനിമം വേതനവുമായി ബന്ധപ്പെട്ട് പരിശോധനകൾ നടത്തി തുടർ നടപടി സ്വീകരിക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. സ്റ്റേ ഒഴിവാക്കുന്നതിനും പുതുക്കിയ വേതനം എല്ലാ ആശുപത്രികളിലും ലഭ്യമാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) എട്ടുമണിക്കൂറിൽ കൂടുതൽ ജോലിചെയ്യുന്ന ജീവനക്കാർക്ക് ഓവർടൈം അലവൻസ് ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിനുള്ള സംവിധാനം എന്താണ് എന്നറിയിക്കുമോ? | (ഡി) തൊഴിൽ വകുപ്പിൽ എൻഫോഴ്സ്മെന്റ് വിഭാഗം ഇൻസ്പെക്ടർമാർ സ്ഥാപന പരിശോധനകൾ നടത്തുമ്പോൾ തൊഴിലാളികൾക്ക് ഓവർടൈം അലവൻസ് ലഭ്യമാകുന്നുണ്ടോയെന്ന് പരിശോധിക്കുന്നുണ്ട്. ആയത് ലഭ്യമാക്കാത്ത തൊഴിലുടമകൾക്ക് പരിശോധനക്കുറിപ്പ് നൽകുകയും നിയമലംഘനം പരിഹരിക്കാത്ത സാഹചര്യത്തിൽ ക്ലെയിം പെറ്റീഷൻ ഫയൽ ചെയ്യുന്നതുൾപ്പെടെയുള്ള തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ.